**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 120** **06-02.2020 ൽ മറുപടിക്ക്**

## പാട്ട വ്യവസ്ഥ ലംഘിച്ച ഭൂമി ഒഴിപ്പിക്കുവാൻ നടപടി

**ചോദ്യം**

ശ്രീ.വി.ആർ. സുനിൽ കുമാർ
ശ്രീമതി ഇ.എസ്.ബിജിമോൾ
ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ
ശ്രീമതി സി.കെ. ആശ

**മറുപടി**

ശ്രീ. ഇ. ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമാണവും വകുപ്പ് മന്ത്രി)

(എ) വിവിധ സ്ഥാപനങ്ങളും സംഘടനകളും വ്യക്തികളും കുത്തകപ്പാട്ടത്തിനും പാട്ടത്തിനും കൈവശം വച്ചിരിക്കുന്ന ഭൂമിയിൽ പാട്ട വ്യവസ്ഥ ലംഘിച്ചതും പാട്ടക്കാലാവധി കഴിഞ്ഞതുമായ ഭൂമി ഒഴിപ്പിച്ചെടുക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(എ) സംസ്ഥാനത്ത് പാട്ടത്തിന് നൽകിയിട്ടുള്ള കേസുകളിൽ സ്ഥാപനങ്ങൾക്കും സംഘടനകൾക്കും നൽകിയിട്ടുള്ള പാട്ട കേസുകൾ ജില്ലാ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ മുഖാന്തിരം ശേഖരിച്ച് പട്ടിക തയ്യാറാക്കിയിട്ടുണ്ട്. ഓരോ ജില്ലകളിലേയും ഡെപ്യൂട്ടി കളക്ടർ (എൽ.ആർ), തഹസിൽദാർ ഉൾപ്പെടെയുള്ള പാട്ടവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം ലാൻഡ് റവന്യൂ കമ്മീഷണർ പ്രത്യേകം പ്രത്യേകം വിളിച്ച് ചേർത്ത് ടി ജില്ലകളിലെ സ്ഥാപനങ്ങൾ/സംഘടനകൾ എന്നിവർക്ക് നൽകിയിട്ടുള്ള പാട്ട കേസുകൾ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുള്ളതും പാട്ട കുടിശ്ശിക വരുത്തിയിട്ടുള്ള ഓരോ കേസുകളും ജില്ലാ തലത്തിൽ മുഴുവൻ കക്ഷികളെയും നേരിൽ കേൾക്കുന്നതിനും കൂടാതെ വ്യക്തികൾക്ക് നൽകിയിട്ടുള്ള പാട്ടങ്ങൾ തിട്ടപ്പെടുത്താനും പട്ടിക തയ്യാറാക്കി അടിയന്തിരമായി സമർപ്പിക്കാനും ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുള്ളതു മാകുന്നു. ഓരോ കേസിലും നിയമാനുസൃതം കക്ഷികളെ നേരിൽ കേട്ട ശേഷം ടിയാൻ/സ്ഥാപനങ്ങൾ സർക്കാരിലേയ്ക്ക് ഒടുക്കുവാനുള്ള പാട്ട കുടിശ്ശിക സംബന്ധിച്ച ഡിമാൻഡ് നോട്ടീസ് നൽകുവാനും എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. അപ്രകാരം ഡിമാൻഡ് നോട്ടീസ് നൽകിയ കേസുകളിൽ സമയബന്ധിതമായി കുടിശ്ശിക പിരിച്ചെടുക്കുവാനുള്ള കർശന നടപടി സ്വീകരിക്കുവാനും കുടിശ്ശിക തുക ഒടുക്ക് വരുത്താൻ വിസമ്മതിയ്ക്കുന്ന മുഴുവൻ കേസുകളിലും പാട്ടം റദ്ദ് ചെയ്യാനുള്ള നടപടികൾ സ്വീകരിച്ച് പാട്ട ഭൂമി നിയമാനുസൃതം സർക്കാരിലേയ്ക്ക് വീണ്ടെടുക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിയ്ക്കുവാനും ജില്ലാ കളക്ടർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് പാട്ടക്കുടിശ്ശികയായി പിരിഞ്ഞുകിട്ടാനുള്ള തുക സംബന്ധിച്ച കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ഉണ്ട്. സംസ്ഥാനത്ത് വ്യക്തികൾക്ക് സർക്കാർ ഭൂമി പാട്ടത്തിന് നൽകിയിട്ടുള്ളതിൽ മാത്രം സർക്കാരിന് ലഭിക്കേണ്ട പാട്ടക്കുടിശ്ശിക ജില്ലകളിൽ നിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം 8.56 കോടി രൂപയും, സംഘടനകൾക്കും സ്ഥാപനങ്ങൾക്കുമായി സർക്കാർ ഭൂമി പാട്ടത്തിന് നൽകിയിട്ടുള്ളവയിൽ നാളിത് ലഭ്യമായ കണക്കുകൾ പ്രകാരം സർക്കാരിന് പാട്ടക്കുടിശ്ശിക ഇനത്തിൽ 1155.31 കോടി രൂപയാണ് ലഭിക്കുവാനുള്ളത്.

പ്രസ്തുത പാട്ടക്കുടിശ്ശിക പിരിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ട് ലാൻഡ് റവന്യൂ കമ്മീഷണറുടെ നിർദ്ദേശ പ്രകാരം ഓരോ ജില്ലകളിലെയും ശരാശരി 50 ശതമാനത്തിലധികം കേസുകളിലും ജില്ലാ തലത്തിൽ നിയമാനുസൃത നോട്ടീസ് നൽകി ബന്ധപ്പെട്ട കക്ഷികളെ നേരിൽ കേട്ടു കഴിഞ്ഞിട്ടുള്ളതാണ്. ശേഷിയ്ക്കുന്ന കേസുകളിൽ കക്ഷികളെ നേരിൽ കേൾക്കുന്നതിനുള്ള നടപടികൾ തുടർന്ന് വരുന്നു. നേരിൽ കേൾക്കാൻ അവസരം നൽകിയ കക്ഷികൾക്ക് എല്ലാം തന്നെ അതാത് പതിവ് അധികാരികൾ ഡിമാൻഡ് നോട്ടീസ് നൽകി വരുന്നു.

(സി) 2019 ലെ ബഡ്ജറ്റിൽ പാട്ടക്കുടിശ്ശിക ഒറ്റത്തവണ തീർപ്പാക്കുന്നതിനുള്ള പദ്ധതി പ്രഖ്യാപിച്ചിരുന്നോ; പ്രസ്തുത പദ്ധതി പ്രകാരം സ്വീകരിച്ച തുടർനടപടികൾ എന്താണെന്ന് വ്യക്തമാക്കുമോ?

(സി) 2019 ലെ ബഡ്ജറ്റിൽ പാട്ടക്കുടിശ്ശിക ഒറ്റത്തവണ തീർപ്പാക്കുന്നതിനുള്ള പദ്ധതി പ്രഖ്യാപിച്ചിരുന്നു. 1985 മുതൽ 2016 വരെ പാട്ടക്കുടിശ്ശിക വാണിജ്യ സ്ഥാപനങ്ങൾക്കുള്ള പാട്ടനിരക്ക് 5% ത്തിനു മുകളിൽ നിശ്ചയിച്ചിരുന്നവ 5% മായും വാണിജ്യ ഇതര സ്ഥാപനങ്ങൾക്ക് പാട്ട നിരക്ക് കമ്പോളവിലയുടെ 2% ത്തിന് മുകളിൽ നിശ്ചയിച്ചിരുന്നവ 2% മായും നിജപ്പെടുത്തി ഒരു ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ആവിഷ്കരിക്കുന്നതിനുള്ള പ്രഖ്യാപനമാണ് 2019 ലെ സംസ്ഥാന ബഡ്ജറ്റിൽ ബഹു.ധനകാര്യ മന്ത്രി പ്രഖ്യാപിച്ചിരുന്നത്. പ്രഖ്യാപന പ്രകാരമുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

**സെക്ഷൻ ഓഫീസർ**